**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4287** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ എം മുകേഷ് ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി കുടിശിക ഇനത്തിൽ വലിയ തുക സംസ്ഥാനത്തിന് കേന്ദ്രം നൽകാനുണ്ടെന്നും ഇതുകാരണമാണ് കേരളത്തിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് സെസ് ഏർപ്പെടുത്തുന്നതെന്നുമുള്ള തെറ്റായ പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം നഷ്ടപരിഹാരതുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു.<br><br>ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. എന്നാൽ ജി.എസ്.ടി കോമ്പൻസേഷൻ പ്രൊവിഷണലായി ലഭിക്കുന്നതിന് ഇത് തടസ്സമായിട്ടില്ല. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 |

| | | | |
|---|---|---|---|
| | | | ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്.<br><br>നഷ്ടപരിഹാരതുക അന്തിമമായി കണക്കാക്കാൻ AG ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന് 13.02.2023-ൽ ആണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിന് 24/02/2023-ൽ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നു വരികയാണ്. |
| (ബി) | ജി.എസ്.ടി. കുടിശിക സംബന്ധിച്ച് കേരളവും കേന്ദ്രവും തമ്മിൽ തർക്കം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. കുടിശിക സംബന്ധിച്ച് കേരളവും കേന്ദ്രവും തമ്മിൽ തർക്കമില്ല. AG സാക്ഷ്യപ്പെടുത്തുന്ന ആഡിറ്റ് റിപ്പോർട്ട് പൂർത്തീകരിക്കുന്നതോടുകൂടി സംസ്ഥാന ത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും ലഭിക്കും. |
| (സി) | ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് കേന്ദ്രം അവസാനിപ്പിച്ചതോടെ സംസ്ഥാനത്തിന് എത്രത്തോളം നഷ്ടമുണ്ടായിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ജി.എസ്.ടി നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലായ് മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. |
| (ഡി) | ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുണ്ടോ; മറ്റ് ഏതെങ്കിലും സംസ്ഥാനങ്ങൾ ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 2021 സെപ്റ്റംബർ 17-ന് നടന്ന നാല്പത്തിയഞ്ചാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം, പഞ്ചാബ്, ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഗോവ, ആസ്സാം തുടങ്ങിയ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്നും കോമ്പൻസേഷൻ തുടരണമെന്നും ആവശ്യപ്പെട്ടു. 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിങ്ങിൽ കേരളം, പഞ്ചാബ്, കർണാടക, |

| | | | |
|---|---|---|---|
| | | | ആന്ധ്രപ്രദേശ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഹിമാചൽ പ്രദേശ്, തമിഴ്നാട്, ഒഡിഷ, ഉത്തർപ്രദേശ്, ഗുജറാത്ത്, ഹരിയാന, ഛത്തീസ്ഘട്ട് തുടങ്ങിയ സംസ്ഥാനങ്ങളും ഡൽഹി, പുതുച്ചേരി എന്നിവയും കോമ്പൻസേഷൻ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല. |
| (ഇ) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഡിവിസിബിൾ പൂളിൽ നിന്ന് സംസ്ഥാനത്തിന് നൽകുന്ന വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; ഇതുവഴി സംസ്ഥാനത്തിന് എത്രത്തോളം നഷ്ടം സംഭവിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ? | (ഇ) | 4-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5% ആയിരുന്നു. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം നികുതി വിഹിതം ആദ്യ വർഷം (2020-21) 1.943% ആയും, തുടർന്നുള്ള വർഷങ്ങളിൽ (2021-2026) 1.925% ആയും കുറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| 15-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള കാലയളവിൽ ലഭിച്ച നികുതി വിഹിതം | |
|---|---|
| 2020-21 | 11560.40 കോടി രൂപ |
| 2021-22 | 17820.09 കോടി രൂപ |
| 2022-23 | 15555.75 കോടി രൂപ * |
| 14-ാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള 2.5% നികുതി വിഹിതം ലഭിച്ചിരുന്നെങ്കിൽ കിട്ടേണ്ട തുക | |
| 2020-21 | 14874.42 കോടി രൂപ |
| 2021-22 | 23142.97 കോടി രൂപ |
| 2022-23 | 20202.27 കോടി രൂപ * |
| * അക്കൗണ്ടന്റ് ജനറലിന്റെ 2023 ഫെബ്രുവരി മാസം വരെയുള്ള കണക്കുകൾ പ്രകാരം | |

**സെക്ഷൻ ഓഫീസർ**